കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(8) 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, ഇതിനു സമാനമായ മുനിസിപ്പാലിറ്റിയുടെ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ സംസാരിക്കുന്നില്ല.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, വ്യവസായങ്ങളും ഫാക്ടറികളും മറ്റു വ്യാപാര സ്ഥാപനങ്ങളും തുടങ്ങുന്നതിനുള്ള ലൈസൻസുകളും അനുവാദവും മറ്റും ഒരു വർഷക്കാലത്തേയ്ക്കാണ് നൽകുന്നത്. അപ്രകാരം നൽകുന്ന അനുവാദവും ലൈസൻസുകളും പുതുക്കുന്നതും ഒരു വർഷത്തേയ്ക്കാണ്. പ്രസ്തുത കാലയളവ് ഒരു വർഷത്തിൽ നിന്നും മൂന്ന് വർഷമായി ദീർഘിപ്പിക്കുന്നതിനുള്ള അധികാരമാണ് ഈ ഭേദഗതിയിലൂടെ ഗവൺമെന്റിന് നൽകപ്പെടുന്നത്. ഏതെങ്കിലും ഒരു ഫാക്ടറിയോ അതല്ലെങ്കിൽ ഒരു വ്യാപാര സ്ഥാപനമോ ഒരു വർഷം കൊണ്ട് അതിന്റെ പൂർണ്ണതയിൽ എത്തുന്നില്ല. ഏതെങ്കിലും കാരണത്താൽ അത് പുതുക്കിക്കൊടുക്കാതെ വന്നാൽ പലപ്പോഴും വളരെ പ്രയാസം അനുഭവിക്കേണ്ടി വരും. ഒരു സ്ഥാപനം ആദ്യഘട്ടത്തിൽ അത് വളർത്തിയെടുക്കുന്നതിന് വളരെയധികം പ്രയാസങ്ങളുണ്ട്. അതുകൊണ്ടുതന്നെ കുറേക്കൂടി ആ സ്ഥാപനങ്ങളെ വളർത്തിയെടുക്കുന്നതിന്, കൂടുതൽ കൂടുതൽ കാലയളവിലേയ്ക്ക് അത് ദീർഘിപ്പിക്കപ്പെട്ടുകൊടുക്കേണ്ടതുണ്ട്. അതുകൊണ്ട് മൂന്ന് വർഷത്തേയ്ക്ക് എന്നുള്ള.....

ശ്രീ. എ. കെ. ബാലൻ: സർ, I am raising a point of order. ഇത് 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ ആണ്. Details of the candidate, criminal background, details of assets. അതുമായി ബന്ധപ്പെട്ടതാണ് ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ....(ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ സംസാരിക്കുന്നത് പലതും..(ബഹളം)....

ശ്രീ. എ. കെ. ബാലൻ: അല്ല, അത് കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് കേരള പഞ്ചായത്ത് രാജ് ബിൽ 2004-നേറതാണ്. ഇപ്പോൾ ഇവിടെ എടുക്കുന്നത് 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ ആണ്. അത് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ....(ബഹളം)....

ശ്രീ. സി. ടി. അഹമ്മദ് അലി: ഞാൻ പറയുന്നത് 2005 ആണ് ....(ബഹളം)....

ശ്രീ. എ. കെ. ബാലൻ: അല്ല, നിങ്കുതിയെപ്പറ്റിയാണ് പറയുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. സി. ടി. അഹമ്മദ് അലി അവിടേയ്ക്ക് വരികയാണ്, അവിടേയ്ക്ക് എത്തുകയാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ശ്രീ. സി. ടി. അഹമ്മദ് അലി കാസർഗോഡ് നിന്നും ഇവിടെ എത്തുന്നതും ചിലർ ഇവിടെനിന്നും തുടങ്ങി കാസർഗോഡേയ്ക്ക് പോകുന്നതുമായ വ്യത്യാസം മാത്രമേയുള്ളൂ.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളായതുകൊണ്ട് ആ കാര്യങ്ങളും ഇവിടെ സൂചിപ്പിച്ചുവെന്നേയുള്ളൂ. 2005-ലെ ഭേദഗതിയെക്കുറിച്ചുതന്നെയാണ് ഞാനിവിടെ സൂചിപ്പിച്ചത്. അതേയവസരത്തിൽ ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിൽ പഞ്ചായത്ത് രാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിയമസഭാ സാമാജികൻമാരുടെ ഒരു ദ്വിദിന ശില്പശാല ആഗസ്റ്റ് മാസം 7, 8 തീയതികളിൽ കിലയിൽ വിളിച്ചു ചേർത്തതിന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കുകയാണ്. പഞ്ചായത്ത് സംവിധാനം നമ്മുടെ സംസ്ഥാനത്ത് അത്രമാത്രം വളർത്തിയെടുക്കുന്നതിന്, വികസിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ അങ്ങേയറ്റം താത്പര്യം കാണിക്കുകയാണ്.

മി. സ്പീക്കർ: എല്ലാവരും എത്തണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, അദ്ദേഹം അഭിനന്ദിച്ചു, ഈ സഭയും അഭിനന്ദിക്കുകയാണ്. നന്നായി നടക്കണം. പക്ഷേ ഇപ്പോൾ ഈ ചർച്ച നടക്കുമ്പോൾ ഈ സഭയ്ക്കകത്ത് എത്ര അംഗങ്ങൾ ഉണ്ടെന്നുള്ളത് നോക്കണം. അതുകൊണ്ട് എല്ലാ അംഗങ്ങളേയും കിലയിലേയ്ക്ക് എത്തിക്കാമെന്നുള്ള ഒരു ഉറപ്പുകൂടി അങ്ങ് വരുത്തണം.

മി. സ്പീക്കർ: അവിടെ പാർട്ടി പരിഗണനയില്ലാതെ എല്ലാവരും എത്തണം.

ശ്രീ. സി. ടി. അഹമ്മദ് അലി: 73, 74 ഭരണഘടനാ ഭേദഗതികൾക്കു ശേഷം കേരള സംസ്ഥാനം അധികാര വികേന്ദ്രീകരണ രംഗത്ത് ഏറെ മുന്നേറിയിരിക്കുകയാണ്. ഇന്ത്യയിൽത്തന്നെ ഏറ്റവുമധികം അധികാരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്തിനിൽക്കാൻ കഴിഞ്ഞ ഒരു സംസ്ഥാനമായി നമ്മുടെ സംസ്ഥാനം ഇന്ന് മാറിയിരിക്കുന്നു. ദേശീയ

LIBRARY ARCHIVES Kerala Legislative Assembly

തലത്തിൽത്തന്നെ ഏറ്റവും ഉയർന്ന ഒരു സ്ഥാനമാണ് കേരള സംസ്ഥാനത്തിനുള്ളത്. മൂന്നാം ലോകരാജ്യങ്ങളും കേരളത്തിലെ അധികാരവികേന്ദ്രീകരണ പ്രക്രിയ ഒരു മാതൃകയായി അംഗീകരിച്ചിരിക്കുകയാണ്. പ്രാദേശിക സ്വയംഭരണരംഗത്ത് ചർച്ച ചെയ്ത് പരിഹരിക്കേണ്ട പ്രശ്നങ്ങൾ ഇനിയും പരിഹാരം കാണാതെ കിടക്കുകയാണ്. അത്തരം പ്രശ്നങ്ങൾ കില ശില്പശാലയിൽ ചർച്ച ചെയ്ത് ഗവൺമെന്റിന് നൽകുന്ന നിർദ്ദേശം നടപ്പിലാക്കാൻ ഗവൺമെന്റ് തീർച്ചയായും മുന്നോട്ടു വരുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്. അതുപോലെതന്നെ കൂറുമാറ്റ നിരോധനം സംബന്ധിച്ച് ഇവിടെ വളരെ വിവാദങ്ങൾ നടന്നു. നമുക്കറിയാം പല തദ്ദേശ ഭരണ സ്ഥാപനങ്ങളിലും കൂറുമാറ്റംകൊണ്ട് ഭരണ സ്തംഭനമുണ്ടായി; അനിശ്ചിതത്വമുണ്ടായി. അങ്ങനെയുള്ള ഒരു സാഹചര്യത്തിലായിരുന്നു നേരിട്ട് തെരഞ്ഞെടുപ്പ് നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചത്. പക്ഷേ അത് ഒരിക്കലും പ്രായോഗികമല്ല. കാരണം ഒരു പഞ്ചായത്ത് ഭരണസംവിധാനത്തിൽ ഒരുപക്ഷേ ഒറ്റ കക്ഷിയിൽപ്പെട്ട ഒരാൾ തെരഞ്ഞെടുത്തുവരും. പക്ഷേ അതിൽ ഭൂരിപക്ഷം ആളുകളും അതിനെതിരായ കക്ഷിയിൽ ഒരുപക്ഷേ തെരഞ്ഞെടുത്തുവരും. അപ്പോൾ സ്വാഭാവികമായും അതിന്റെ ബോർഡിൽ തീരുമാനങ്ങളെടുക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവപ്പെടും. അതുപോലെതന്നെ ഭരണത്തിൽ അത് സുഗമമായി മുന്നോട്ടുപോകാൻ കഴിയില്ല. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ പാർലമെന്റിൽ ഇന്ന് പാസ്സാക്കിയെടുത്ത നിയമത്തിന് സമാനമായ ഒരു നിയമം അടുത്ത സമ്മേളനത്തിൽ തന്നെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിക്കണം. ഒരു കാരണവശാലും ഒരു മെമ്പറോ അതല്ലെങ്കിൽ മഹാഭൂരിപക്ഷം വരുന്ന മെമ്പറോ ആയാൽപ്പോലും മുന്നിലൊന്നോ അതല്ലെങ്കിൽ കൂടുതലോ എത്ര മെമ്പർമാരായാലും കൂറുമാറിയാൽ അയോഗ്യത കൽപ്പിക്കത്തക്ക രീതിയിലുള്ള കുറ്റമറ്റ നിയമനിർമ്മാണ നടത്താൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തെരഞ്ഞെടുപ്പ്, കൃത്യ സമയത്ത് നടത്താനാവശ്യമായ നടപടികളുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ മുന്നോട്ടുപോവുകയാണ്. അതോടൊപ്പംതന്നെ വളരെ വേഗത്തിൽ ഇതിന്റെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ട് എത്രയും വേഗത്തിൽ തെരഞ്ഞെടുപ്പ് നടത്താനാവശ്യമായ നടപടികൾ ഗവൺമെന്റും അതുപോലെ തെരഞ്ഞെടുപ്പ് കമ്മീഷനും നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കാസർകോട്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ മാഷാ ന്യൂനപക്ഷങ്ങളുള്ള പ്രദേശങ്ങളുണ്ട്. അവിടെ കരട് വോട്ടർ പട്ടിക ലേയാളത്തിൽ പ്രസിദ്ധീകരിച്ചാൽ അവർക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് കരട് വോട്ടർ പട്ടിക കന്നട മാഷയിൽക്കൂടി പ്രസിദ്ധീകരിക്കാൻ കഴിയണം. മാത്രവുമല്ല കാസർകോട് താലൂക്കിന്റെ പല ഭാഗങ്ങളും കന്നട മേഖലകളാണ്. അവിടെ മലയാളം അറിയാവുന്ന പഞ്ചായത്ത് സെക്രട്ടറിമാരെയാണ് പോസ്റ്റിംഗ് ചെയ്തിട്ടുള്ളത്. അവിടെയുള്ള ആളുകൾക്ക് കന്നട മാത്രമേ അറിയാവൂ. അതുകൊണ്ട് അത്തരം മേഖലകളിൽ മാഷാന്യൂനപക്ഷത്തിൽപ്പെട്ട സെക്രട്ടറിമാരെ നിയമിക്കുവാനും, മലയാളം വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ കന്നടയിലും തമിഴിലും കൂടി പ്രസിദ്ധീകരിക്കാനുമാവശ്യമായ നടപടികൾ കൂടി ഉണ്ടാകണം എന്നു സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി കുറച്ചു ദിവസം വാഹനാപകടത്തിൽപ്പെട്ട് ചികിൽസയിലായിരുന്നുവെങ്കിലും വളരെ നല്ല കാര്യങ്ങൾ ഈ ചുരുങ്ങിയ കാലംകൊണ്ട് ചെയ്തുതീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

IX. പ്രത്യേക പരാമർശം

മൂന്നാറിൽ മലയിടിച്ചിൽ

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ മൂന്നാർ മേഖലയിൽ ഇപ്പോഴും ഭീകരമായ മലയിടിച്ചിൽ നടക്കുന്നതായിട്ടാണ് റിപ്പോർട്ട് വന്നിട്ടുള്ളത്. മരിച്ച നാല് പേരുടെ ഡെഡ്ബോഡി അവിടെ നിന്നും കിട്ടിയിട്ടുണ്ട്. ഇനിയും നാലിൽക്കൂടുതൽ ആളുകൾ മണ്ണിനടിയിൽ ഉണ്ടെന്നോണ് പറയപ്പെടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു എന്ന് മനസ്സിലാക്കുന്നു. എങ്കിൽപ്പോലും വളരെ ഭീകരമായ ഒരു ദുരന്തമാണ് മൂന്നാറിൽ ഉണ്ടായിരിക്കുന്നത്. അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തെങ്കിലും അറിവുണ്ടെങ്കിൽ നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന ഒരു അവസരമെന്നുള്ള നിലയിൽ സഭയിൽ അക്കാര്യം വെളിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുകയാണ്.

ശ്രീ. ഉമ്മൻചാണ്ടി: സർ, മൂന്നാറിലെ സ്ഥിതി അൽപം മോശമാണ്. അടുത്ത സമയം വരെ നല്ല മഴയായിരുന്നു. മലയിടിഞ്ഞതുമൂലം മരണമടഞ്ഞ നാല് പേരുടെ മൃതദേഹങ്ങൾ കിട്ടി. നാല് പേരെങ്കിലും ഇനിയും മണ്ണിനടിയിൽ കാണുമെന്നു സംശയിക്കുകയാണ്. പോലീസും ഫയർഫോഴ്സും ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും അവരുടെയൊക്കെ കഴിവിനപ്പുറമാണ് കാര്യങ്ങൾ. മിലിട്ടറിയുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ഉടനെ മൂവ് ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് നാല് മണിക്ക് എമർജൻസി കാബിനറ്റ് വച്ചിട്ടുണ്ട്. അവിടെ ഇപ്പോൾ ഉദ്യോഗസ്ഥരെല്ലാമുണ്ട്. ശ്രീ. എ. കെ. മണി എം. എൽ. എ. അവിടെയുണ്ട്. എല്ലാവരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. അടിയന്തിര നടപടികൾ സ്വീകരിക്കുന്നുണ്ട്.

നിയമനിർമ്മാണ കാര്യം (തുടർച്ച)

ശ്രീ. സി. ടി. അഹമ്മദ്അലി: (തുടർച്ച)—പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ആവശ്യമായ ഫണ്ട് നൽകണം. പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ജനന സർട്ടിഫിക്കറ്റുകൾ അതാതു ആശുപത്രികളിൽ വച്ചു തന്നെ നൽകാനുള്ള നടപടികൾ സ്വീകരിച്ചതുകൊണ്ട് വളരെയേറെ പ്രയാസങ്ങൾ ലഘൂകരിക്കാൻ കഴിഞ്ഞു. എല്ലാ നഗരസഭകളിലും ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചു. നമ്മുടെ ഗ്രാമസഭകൾ പലപ്പോഴും നല്ല ഉദ്ദേശത്തോടുകൂടിയാണ് നടത്തപ്പെടുന്നതെങ്കിലും പ്രാദേശിക വികസന കാര്യങ്ങളും ക്ഷേമപദ്ധതികളും അവിടെ ചർച്ച ചെയ്യപ്പെട്ട് തീരുമാനിക്കുമ്പോൾ, പലപ്പോഴും അവിടെ ചർച്ച ചെയ്തു മുൻഗണനാക്രമത്തിൽ തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ പല പഞ്ചായത്തുകളും മുന്നോട്ടുവരുന്നില്ല. അതുകൊണ്ട് ഗ്രാമസഭകളിൽ ചർച്ചചെയ്ത് മുൻഗണനാക്രമത്തിൽ തീരുമാനിക്കുന്ന പദ്ധതികൾ നടപ്പാക്കാനാവശ്യമായ കർശന നിർദ്ദേശം അതാതു പഞ്ചായത്തുകൾക്കുകൂടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെ പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭേദഗതിയാണ് 52-ാം വകുപ്പിനുള്ള ഭേദഗതി എന്നുള്ള നിലയിൽ ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന സ്ഥാനാർത്ഥിയുടെ പൂർവ്വചരിത്രം കൂടി നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കണമെന്ന ഭേദഗതിയാണ് ഇതിലുള്ളത്. ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ഞാൻ ഓർക്കുന്നത്, പിറക്കാനിരിക്കുന്ന കുഞ്ഞിന്റെ ജാതകം പരിശോധിക്കുന്നതുപോലെയാണ് ഇതെന്നാണ്. പഞ്ചായത്ത്, നഗരസഭ തെരഞ്ഞെടുപ്പുകൾ തന്നെ നടക്കുമോ എന്നുള്ള ആശങ്ക നിലനിൽക്കുമ്പോഴാണ് ആ തെരഞ്ഞെടുപ്പിൽ മത്സരിക്കേണ്ട സ്ഥാനാർത്ഥികളെ സംബന്ധിച്ച്, അവരുടെ പൂർവ്വചരിത്രം രേഖപ്പെടുത്തുന്നതിനെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്യുന്നത്. എപ്പോഴായാലും തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഇങ്ങനെയൊരു പശ്ചാത്തലം നിർദ്ദിഷ്ട ഫോറത്തിൽ നൽകേണ്ടതാണ്. തീർച്ചയായും അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷേ അങ്ങനെ സ്വാഗതം ചെയ്യുന്ന സന്ദർഭത്തിൽ ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും സൂചിപ്പിച്ചതുപോലെ, പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഒക്ടോബർ രണ്ടിനു മുമ്പ് നടത്തി പുതിയ ഭരണസമിതി അധികാരമേൽക്കുമെന്ന കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക്, നേരത്തെ ഞങ്ങളോടു ചോദിച്ചതുപോലെ, നെഞ്ചിൽ കൈവച്ചുകൊണ്ട് തന്റേടത്തോടുകൂടി ഈ സഭയിൽ പ്രഖ്യാപിക്കാൻ കഴിയുമോ എന്നുള്ള കാര്യമാണ് ഞങ്ങൾക്ക് അറിയേണ്ടത്. അദ്ദേഹത്തിന് അതിനു കഴിയില്ല. ഞങ്ങൾ പരിശ്രമിക്കുമെന്നാണ് പറയുന്നത്. പലപ്പോഴും തെരഞ്ഞെടുപ്പ് കമ്മീഷനു വിട്ടുകൊടുത്തുകൊണ്ട് ഈ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് വീണ്ടും ഇതു പറയേണ്ടി വന്നിട്ടുള്ളത്, ഈ ഗവൺമെന്റിനു നേതൃത്വം കൊടുക്കുന്ന യു. ഡി. എഫ്.-നു തെരഞ്ഞെടുപ്പിനെ ഭയമാണ്. നിങ്ങൾ ചൂടുവെള്ളത്തിൽ വീണ പൂച്ചയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന ഒരു തെരഞ്ഞെടുപ്പിലും യു. ഡി. എഫ്. സ്ഥാനാർത്ഥികൾ വിജയിച്ചുവന്നില്ല. ലോക്സഭാ തെരഞ്ഞെടുപ്പുകളിലും നിയമസഭാ ഉപ തെരഞ്ഞെടുപ്പുകളിലും ലോക്സഭാ ഉപതെരഞ്ഞെടുപ്പിലുമൊക്കെ അതിദയനീയമായി പരാജയം ഏറ്റുവാങ്ങി. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയാൽ ഉണ്ടാകുന്ന ഫലം എന്തായിരിക്കുമെന്ന് മുൻകൂട്ടി കണ്ട്, ഇത് എങ്ങനെ നടത്താതിരിക്കാമെന്നുള്ളതിനെ സംബന്ധിച്ചാണ് ഇപ്പോൾ ആലോചന നടക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, യു. ഡി. എഫ്. അധികാരത്തിൽ വന്ന കാലത്ത് തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടെന്ന്. 1988-ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയതിനുശേഷം 1993-ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പു നടത്തണം. കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് 1993-ൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ? ഇല്ല. 1995-ലാണ് തെരഞ്ഞെടുപ്പ് നടത്തിയത്. എന്തുകൊണ്ടാണ് 1995-ൽ തെരഞ്ഞെടുപ്പ് നടത്തിയത്? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്ന സന്ദർഭത്തിൽ 1995-ൽ നടത്തിയില്ലേ? ഭരണഘടനാ ബാദ്ധ്യത ഒന്നുകൊണ്ടു മാത്രമാണ് 1995-ൽ തെരഞ്ഞെടുപ്പ് നടത്താൻ നിർബന്ധിതമായത്.

ശ്രീ. പി. കെ. കെ. ബാവ: അങ്ങനെയാണെങ്കിൽ കർണ്ണാടകം പോലെയുള്ള മറ്റു സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് ബാദ്ധ്യത ഉണ്ടായിരുന്നില്ലേ? എന്നിട്ട് അവർ തെരഞ്ഞെടുപ്പ് നടത്തിയില്ലല്ലോ? അവർ നടത്താതെ തന്നെ കേരള ഗവൺമെന്റ് അതിനു മുൻകൈ എടുത്ത് നടത്തി എന്നുള്ളത് കേരള ഗവൺമെന്റിന്റെ പ്രതിബദ്ധത തന്നെയല്ലേ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അങ്ങ് ചോദിച്ചത് വളരെ നന്നായി. കേരളത്തിലെ കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ, തെരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

നടത്താതെ നീട്ടിക്കൊണ്ടുപോയപ്പോഴും, അതിനു ശക്തമായിട്ടുള്ള ഇടപെടലുകളും സെൻട്രൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നതുകൊണ്ടാണ് തെരഞ്ഞെടുപ്പ് നടത്തിയത്. പോണ്ടിച്ചേരി സ്റ്റേറ്റ് ഇപ്പോഴും കോൺഗ്രസ്സാണ് ഭരിക്കുന്നത്. സെൻട്രൽ ഗവൺമെന്റിനു നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സാണ്. പക്ഷേ ഭരണഘടനാ ബാദ്ധ്യത നിറവേറ്റാൻ ഇന്നുവരെ പോണ്ടിച്ചേരി സ്റ്റേറ്റ് ഭരിക്കുന്ന കോൺഗ്രസ്സ് നേതൃത്വം തയ്യാറായിട്ടുണ്ടോ? ഇല്ല. ഭരണഘടനാ ബാദ്ധ്യതയൊന്നും അവർക്ക് പ്രശ്നമല്ല. ക്രിമിനൽ പശ്ചാത്തലം എന്നത് കേരളത്തെ സംബന്ധിച്ച് വളരെ സൂക്ഷിച്ചു വേണം നമ്മൾ ഉപയോഗിക്കാൻ. എന്താണ് ക്രിമിനലിസം? എന്താണ് ക്രിമിനൽ പശ്ചാത്തലം? അന്തരിച്ച മുൻ മുഖ്യമന്ത്രി ഇ കെ. നായനാർ, ഒരു പ്രകടനം ഉദ്ഘാടനം ചെയ്തു എന്നതുകൊണ്ടുമാത്രം അദ്ദേഹം ക്രിമിനൽ കുറ്റവാളി ആകുമോ? ശ്രീ. പി. ജയരാജന്റെ കാര്യം പറഞ്ഞു. ഞാൻ അത് വിശദീകരിക്കുന്നില്ല. ശ്രീ. പി. ജയരാജനു എതിരെ കേസ് എടുത്തത് എന്തിനാണ്? ഭരണഘടനാപരമായി സാധുതയുള്ള ഒരു സ്ഥാപനത്തിനു മുമ്പിൽ, ഒരു രാഷ്ട്രീയ പാർട്ടി പ്രകടനം നടത്തുന്നു. അതിന്റെ ഫലമായി എന്തെങ്കിലും പ്രശ്നങ്ങൾ വന്നാൽ ആ കേസ്സിനെ രാഷ്ട്രീയമായി മാത്രമല്ലേ കാണാനാകൂ. അല്ലാതെ ഒരു ക്രിമിനൽ കുറ്റവാളിയായി കാണാനാകുമോ? എന്ത് ക്രിമിനൽ കുറ്റമാണ് ശ്രീ. ജയരാജൻ അവിടെ നടത്തിയിട്ടുള്ളത്? കേരളത്തിൽ അഞ്ഞൂളമിഞ്ഞൂളം ഇതുപോലുള്ള പ്രശ്നങ്ങളിൽ കേസ് ചാർജ്ജ് ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്താൽ, കൊള്ള, പിടിച്ചുപറി, മോഷണം, ബലാൽസംഗം തുടങ്ങിയ കുറ്റകൃത്യങ്ങളോടൊപ്പം ഇതിനെ കൂട്ടാൻ പറ്റുമോ? വടക്കേ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ കുറിച്ച് ഞാൻ പറയുന്നില്ല. ഗുണ്ടായിസവും ക്രിമിനലിസവും നടത്തി, രാഷ്ട്രീയ പാർട്ടികളേയും മറ്റും ഏതു വിധത്തിലും തകർക്കാനുള്ള എല്ലാ വൃത്തികെട്ട മാർഗ്ഗങ്ങളും അവലംബിക്കുന്ന ഒട്ടേറെ സംസ്ഥാനങ്ങൾ വടക്കേ ഇന്ത്യയിലുണ്ട്. പക്ഷേ കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത്, ക്രിമിനൽ പശ്ചാത്തലം എന്ന പേര് പറഞ്ഞുകൊണ്ട് ഒരു സ്ഥാനാർത്ഥിയുടെ അവകാശം ഇല്ലാതാക്കുന്നതിനുവേണ്ടി നിങ്ങൾ അധികാരം ദുരുപയോഗപ്പെടുത്തിയില്ലേ? ദുരുപയോഗപ്പെടുത്തി എന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള അനുഭവം. ആ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ഇതിന്റെ നിർവ്വചനം കുറച്ചുകൂടി വിപുലമാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. എന്താണ് ക്രിമിനലിസംകൊണ്ട് ഉദ്ദേശിക്കുന്നത്? ഭരണഘടനാ സാധുതയുള്ള രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന പ്രകടനമോ പ്രക്ഷോഭമോ,..... (ബഹളം)..... അതുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിക്കുന്നതിനോടൊന്നും ഞങ്ങൾ യോജിക്കുന്നില്ല.

ശ്രീ. എ. കെ. ബാലൻ: വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട് സമരത്തിനു നേതൃത്വം കൊടുത്ത വിദ്യാർത്ഥികളുടെ പേരിൽ ഇവിടെ കേസ്സെടുത്തിട്ടുണ്ട്. ആ കേസ്സിന്റെ ഭാഗമായി ഒരു വിദ്യാർത്ഥിനി ശിക്ഷിക്കപ്പെട്ട് കഴിഞ്ഞാൽ അവർക്ക് പഞ്ചായത്തിലോ കോർപ്പറേഷനിലോ നിയമസഭയിലോ മൽസരിക്കാൻ പാടില്ല. നമ്മൾ ഉണ്ടാക്കിയ ഒരു നിയമം നടപ്പിലാക്കാൻ വേണ്ടി ചെയ്ത സമരത്തിന്റെ ഭാഗമായി അവർ ശിക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ മൽസരിക്കാൻ പാടില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട പി. കെ. ശ്രീമതി ടീച്ചറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ശ്രീ. പി. ജയരാജന്റെ കാര്യം ഇവിടെ പറഞ്ഞു. അങ്ങനെ നൂറ് നൂറ് കാര്യങ്ങളും ഇവിടെ പറയാനുണ്ട്. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ കാലത്ത് നടത്തിയ പ്രകടനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും, പൊതുമുതൽ നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുള്ള കാര്യങ്ങളിൽ കേസ് ചാർജ്ജ് ചെയ്തിട്ടുള്ള യു.ഡി.എഫ്.-നേറയും ലീഗിനേറയും പ്രവർത്തകർക്കുനേരെയുള്ള എത്രയെത്ര കേസ്സുകൾ ഈ ഗവൺമെൻറ് വന്നപ്പോൾ പിൻവലിച്ചു. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് എത്രയോ അക്രമാസക്തമായ സമരങ്ങൾ നടത്തിയിട്ടുണ്ട്. അപ്പോൾ കേസ് ചാർജ്ജ് ചെയ്യപ്പെട്ടിട്ടുണ്ട്. ആ കേസ്സുകൾ ഈ ഗവൺമെൻറ് വന്നതിനുശേഷം പിൻവലിച്ചിട്ടുണ്ടല്ലോ.

ശ്രീ. റഫീക്കുള്ള അബ്ദുള്ള: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിൻെറ ചുമതലയേറ്റതിനുശേഷം ഒരുപാട് കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്. അപ്പുറത്തുള്ള ജനപ്രതിനിധികളടക്കമുള്ളവരുടെ കേസ്സുകളും പിൻവലിച്ചിട്ടുണ്ടെന്നുള്ളത് ശ്രീമതി ടീച്ചറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഈ ഗവൺമെൻറ് വന്നതിനുശേഷം എൽ. ഡി. എഫ്. ഗവൺമെൻറിൻെറ കാലത്തുള്ള കേസ്സുകൾ പിൻവലിച്ചതായി എനിക്കറിയില്ല. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുകൊണ്ട് പറയുകയാണ്, അപ്പുറത്തിരിക്കുന്ന പല മെമ്പർമാരും കൊലക്കേസിൽ പ്രതികളായിട്ടില്ലേ? പ്രചാരണജാഥ നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ മുൻമന്ത്രിയായ ശ്രീ. കെ. സുധാകരൻ ഒരാളിനെ വെടിവെച്ചുകൊന്ന കേസ്സിൽ പ്രതിയായിട്ടില്ലേ? ശ്രീ. ആര്യാടൻ മുഹമ്മദ് കുഞ്ഞാലിക്കേസ്സിൽ പ്രതിയല്ലേ? ശ്രീ എം. വി രാഘവനും ശ്രീ. കെ. സുധാകരനും വധോദ്യമക്കേസ്സിൽ പ്രതിയായിട്ടില്ലേ? ഇങ്ങനെ രാഷ്ട്രീയമായി ബന്ധപ്പെട്ട് വരുന്ന കേസ്സുകളിൽ ഇവർ ക്രിമിനൽ കുറ്റവാളിയാണെന്നുള്ള രീതിയിൽ ചിത്രീകരിക്കാൻ തുടങ്ങിയാൽ എന്താണ് സ്ഥിതി?

ജലവിഭവവും പാർലമെൻറികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സാധാരണ കേസ്സുകളിൽ ആളുകൾ പ്രതികളാകുകയോ അല്ലാതിരിക്കുകയോ ചെയ്യും. പക്ഷെ രാഷ്ട്രീയ ഉന്നംവച്ചുകൊണ്ട് ഇന്ന വ്യക്തികളെ പ്രതികളാക്കിത്തരണമെന്ന് പറഞ്ഞ് പോലീസിന് നിർദ്ദേശം കൊടുത്ത പഴയ സംവേങ്ങൾ ശ്രീമതി ടീച്ചറിൻെറ ശ്രദ്ധയിൽ വരാതിരുന്നത് കഷ്ടമായിപ്പോയി. ഇതിന് ടീച്ചർ മറുപടി പറയില്ലെന്ന് എനിക്കറിയാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അങ്ങനെയുണ്ടായതായി എൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എനിക്കറിയില്ല. എൻെറ ശ്രദ്ധയിൽപ്പെട്ടതും ഉണ്ടെന്ന് വിശ്വസിക്കുന്നതുമായ കേസ്സുകളെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചത്. അതൊക്കെ നിഷേധിക്കാൻ അപ്പുറത്തിരിക്കുന്നവർക്ക് സാദ്ധ്യമല്ല. പക്ഷെ അതിലൊക്കെ എങ്ങനെയാണ് ക്രിമിനൽ കേസ്സുകളിൽ പ്രതിയാണെന്ന് പറഞ്ഞ് അവർക്കെതിരെ കേസ് കൊടുക്കുക, എന്നിട്ട് സുപ്രീംകോടതിവരെ പോകുക; സുപ്രീംകോടതിയിൽ നിന്ന് വിധി വാങ്ങിയതിനുശേഷം വീണ്ടും മൽസരിക്കുമ്പോൾ ആ വിധിക്കെതിരെയുള്ള ഒരു വിധിയാണ് ശ്രീ. പി. ജയരാജനേത്. അദ്ദേഹം ക്രിമിനൽ കുറ്റവാളിയല്ലെന്ന് കൂത്തുപറമ്പ് മണ്ഡലത്തിലെ ഭൂരിപക്ഷം വരുന്ന ജനങ്ങൾ വിധിയെഴുതി. അതല്ലേ ഏറ്റവും വലിയ വിധി? ക്രിമിനൽ പശ്ചാത്തലമെന്ന ഒരു പൂർവ്വകാല ചരിത്രത്തെക്കുറിച്ച് എഴുതുമ്പോൾ ക്രിമിനൽ പശ്ചാത്തലത്തെക്കുറിച്ച് നിർദ്ദിഷ്ട ഫോറത്തിൽ കൊടുക്കണമെന്ന് പറയുമ്പോൾ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: ബീഹാറിലും യു. പി.-യിലും പല കൊലക്കേസ്സുകളിലേയും പ്രതികളെ ഇലക്ഷനിൽ ജയിച്ചിട്ടുണ്ട്. ഇലക്ഷനിൽ ജയിച്ചതോടെ അവരുടെ ക്രിമിനൽ ബാക്ക്ഗ്രൗണ്ട് ഇല്ലാതാകുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഇല്ല, അങ്ങനെ പറഞ്ഞില്ല. കേരളത്തിൽ ഒരു പാരമ്പര്യമുണ്ടെന്ന് ഞാൻ ആദ്യമേ പറഞ്ഞു. യു.പി., ബീഹാർ പോലുള്ള സ്റ്റേറ്റുകളിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രത്യേക രാഷ്ട്രീയ ശൈലി അതായത് ഗുണ്ടായിസം, ക്രിമിനലിസം തുടങ്ങിയവ സർവ്വരും അംഗീകരിച്ചിട്ടുള്ളതാണ്. അത് തികച്ചും അപലപനീയമാണ്. പക്ഷെ, കേരളത്തെ സംബന്ധിച്ചിടത്തോളം അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഗുണപരമായ നിയമങ്ങൾക്ക് വിധേയരായി പ്രവർത്തിക്കുന്ന രാഷ്ട്രീയപാർട്ടികളെന്ന നിലയിൽ ഇതു പോലുള്ള ജനകീയ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും നേതൃത്വം കൊടുക്കുമ്പോൾ ഇതുപോലുള്ള കേസ്സുകളിൽപ്പെടാം; ശിക്ഷിക്കപ്പെടാം; ചിലപ്പോൾ ജയിലിലടയ്ക്കപ്പെടാം. ഇതിനുമുമ്പും ഇങ്ങനെയുണ്ടായിട്ടുണ്ട്. അങ്ങനെ വന്നാൽ ബ്രിട്ടീഷുകാരുടെ രീതിതന്നെയാണ് അവലംബിക്കാൻ പോകുന്നത്. സത്യാഗ്രഹ സമരം നടത്തിയതുകൊണ്ടും ധർണ്ണ നടത്തിയതുകൊണ്ടും മഹാത്മജി ആണല്ലോ അവരുടെ മുമ്പിൽ ഏറ്റവും വലിയ കുറ്റവാളി. ആ രീതിയിലുള്ള സമര മാർഗ്ഗങ്ങളാണ് ഇവിടേയും ആരംഭിക്കുന്നത്. ഏതെങ്കിലുമൊരു പ്രശ്നത്തിന്റെ പേരിൽ ബസ്സിന് കല്ലേറുകൊണ്ട് ബസ്സ് തകർന്നു. അതിനെയൊന്നും നമ്മൾ അംഗീകരിക്കുന്നില്ല. പക്ഷെ ഇതുപോലുള്ള കേസ്സുകളിൽപ്പെടുന്നവരെ ക്രിമിനൽ കുറ്റവാളികളായി ചിത്രീകരിക്കാൻ ഇടയാകുകയും അത് രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗിക്കുകയും ചെയ്യുന്നിടത്തേക്കാണ് ഈ ഭേദഗതി കൊണ്ടെത്തിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി മനസ്സുവെച്ച് ഇതിന്റെ നിർവ്വചനം കുറച്ചുകൂടി വിപുലീകരിച്ച് ഏതൊക്കെ കേസ്സുകളാണ് ഇതിൽപ്പെടുകയെന്നതുകൂടി കൂട്ടിച്ചേർത്തുകൊണ്ട് മാറ്റിയെടുക്കണമെന്ന ഭേദഗതിയാണ് എനിക്ക് അവതരിപ്പിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): ഈ വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ ഇത്രത്തോളം കോലാഹലമുണ്ടാക്കേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം. ഇത് disqualification-നുമായി ബന്ധപ്പെട്ട ഒരു ബിൽ അല്ല. ഈ ബില്ലിന്റെ ചർച്ചാവേളയിൽ എന്താണ് ക്രിമിനൽ കുറ്റമെന്നും ആരാണ് കുറ്റവാളിയെന്നതിനെക്കുറിച്ചും ചർച്ച നടത്തേണ്ടതിന്റെ ആവശ്യമില്ല. സുപ്രീംകോടതി പറഞ്ഞത് സ്ഥാനാർത്ഥിയായി മൽസര രംഗത്തേക്ക് വരുമ്പോൾ അയാളുടെ പൂർവ്വകാല ചരിത്രം അറിയണമെന്നാണ്. അയാൾക്ക് എത്ര സ്വത്തുണ്ട്, എത്ര വിദ്യാഭ്യാസമുണ്ട്; ഏതെല്ലാം കുറ്റത്തിന് ക്രിമിനൽ കേസ്സുണ്ട് എന്നുള്ള കാര്യം രേഖപ്പെടുത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു disqualification ഈ ഭേദഗതിയിൽ പറയുന്നില്ല. അപ്പോൾ അത്തരം കാര്യങ്ങളെക്കുറിച്ച് ദീർഘമായി ചർച്ചചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. ഇന്ന് എട്ട് ബില്ലുകൾ വളരെപ്പെട്ടെന്നുതന്നെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാൻ കഴിഞ്ഞുവെന്നതിൽ എനിക്ക് സന്തോഷം ഉണ്ട്. ഇവിടെ പലരും തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ സാഹചര്യമുണ്ടാക്കാൻ തന്നെയാണ് ആവശ്യപ്പെട്ടത്. വളരെപ്പെട്ടെന്ന് തെരഞ്ഞെടുപ്പ് നടത്താനുള്ള സൗകര്യമുണ്ടാക്കിയെടുക്കാൻ വേണ്ടി ഇലക്ട്രോണിക് മെഷിൻ ഉപയോഗപ്പെടുത്തുന്നതുപോലെയുള്ള കാര്യങ്ങൾക്ക് ചില നിയമനിർമ്മാണങ്ങൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായി വരും. ഇപ്പോൾ അങ്ങ് തന്നെ പഞ്ചായത്ത് രാജ് ഭരണക്രമത്തെക്കുറിച്ചും അധികാര വികേന്ദ്രീകരണത്തെ കുറിച്ചും എം. എൽ. എ. മാരെ മനസ്സിലാക്കിക്കുന്നതിനും ഈ പ്രവർത്തനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ പിൻതുണയുണ്ടാക്കിയെടുക്കുന്നതിനും വേണ്ടി ഒരു ശിൽപശാല അറേഞ്ച് ചെയ്യുന്നുണ്ട്. അതിൽ എല്ലാപേരും പങ്കെടുക്കണമെന്ന അനൗൺസ്മെൻറ് ഒന്നുകൂടി ആവർത്തിച്ച് പറയണം. ഇത് വളരെ നല്ല രീതിയിൽ നടത്താൻ കഴിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരള സംസ്ഥാനം രൂപീകൃതമായ കാലംതൊട്ട് ഇതുവരെയുള്ള എല്ലാ സർക്കാരുകളും പ്രാദേശിക ഭരണകൂടങ്ങളുണ്ടാക്കിയെടുക്കുന്നതിനും മറ്റും അധികാര വികേന്ദ്രീകരണം ലാക്കാക്കിയിട്ടുള്ള നിയമ നിർമ്മാണങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ആദ്യത്തെ പട്ടംതാണുപിള്ള മന്ത്രിസഭതൊട്ട് ഇ. എം. എസ്. മന്ത്രിസഭ, ഐക്യജനാധിപത്യ മുന്നണി മന്ത്രിസഭ, ഇടതുപക്ഷജനാധിപത്യമുന്നണി മന്ത്രിസഭ ഇവരൊക്കെ അധികാരവികേന്ദ്രീകരണം ലാക്കാക്കിയിട്ടുള്ള നടപടിക്രമങ്ങളുണ്ടാക്കിയിട്ടുണ്ട്. എല്ലാപേരും ഈ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. ഈ ഭരണഘടനാഭേദഗതി വന്നതിനുശേഷം പത്ത് കൊല്ലമായി നമ്മുടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനം തുടങ്ങിയിട്ട്. ആ പത്ത് കൊല്ലത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ നമ്മൾ ഇനിയും പുനഃപരിശോധനകൾ നടത്തേണ്ടതായിട്ടുണ്ട്. നമ്മൾ ഒരുപാട് നടപടിക്രമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒരുപാട് മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇവിടെ എല്ലാപേരും സൂചിപ്പിച്ചതുപോലെ കേരളമാണ് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക. അന്നത്തെ പഞ്ചായത്ത് മന്ത്രി വിളിച്ചുചേർത്ത സംസ്ഥാന മന്ത്രിമാരുടെ Round Table Conference-ൽ ഹാജരായിരുന്ന എല്ലാവരും കേരളത്തെയാണ് ഉറ്റുനോക്കിയിരുന്നത്. നമ്മൾ ഒരുപാട് മുന്നിലാണ്. അധികാരം ജനങ്ങൾക്ക് കൊടുക്കുന്ന കാര്യത്തിൽ, ആസൂത്രണരംഗത്ത്, വികേന്ദ്രീകരണം നടപ്പാക്കുന്ന കാര്യത്തിലൊക്കെ നമ്മൾ മുന്നോട്ട് പോയിട്ടുണ്ട്. പക്ഷേ പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ പഞ്ചായത്തുകളെ മാറ്റിയെടുക്കുന്നതിൽ നമ്മൾ പൂർണ്ണമായും വിജയിച്ചിട്ടില്ല. അതിനായി ഇനിയും വളരെദൂരം നമ്മൾ സഞ്ചരിക്കേണ്ടതുണ്ട്. നമുക്ക് ഇനിയും ഒരുപാട് മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അധികാരം ജനങ്ങളിലേക്ക് എന്ന പരേതനായ രാജീവ്ജിയുടേയും മഹാത്മജിയുടേയും സ്വപ്നം സാക്ഷാത്കരിക്കണമെങ്കിൽ ഇനിയും ഒരുപാട് കാര്യങ്ങൾ നമ്മൾ ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ഇതുവരെയുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ നമ്മൾ ഒരു പുനർചിന്തനത്തിന് വിധേയമാകണം. നമ്മൾ എന്തൊക്കെ ചെയ്യേണ്ടതുണ്ട് എന്നതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: 10 കൊല്ലത്തിനുശേഷം പഞ്ചായത്തീരാജ് ബില്ലിൽ, ആവശ്യമായ പുനർചിന്തനത്തിനുവേണ്ട feed back കിട്ടാൻ വേണ്ടിയാണ് 'കില' എന്ന സ്ഥാപനത്തിൽ ഇങ്ങനെയൊരു ശില്പശാലയ്ക്ക് അവസരമൊരുക്കുയിരിക്കുന്നത്. പക്ഷേ ചെയറിന് ഒരു ദുഃഖമേയുള്ളൂ. നമ്മൾ ഉദ്ദേശിച്ചതുപോലെ നേരത്തെ നടത്താൻ കഴിഞ്ഞില്ല. കാരണം നമ്മുടെ കാലാവധി കുറേക്കൂടി നേരത്തേ ആയിരുന്നുവെങ്കിൽ അതിൻറെയടിസ്ഥാനത്തിൽ shape ചെയ്യാമായിരുന്നു. കുറച്ചു വൈകിപ്പോയി, എങ്കിലും നമ്മുടെ പൊതുപ്രവർത്തനത്തിൽ അത് പ്രതിഫലിക്കുമെന്ന് പ്രതീക്ഷിക്കാം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): എതായാലും അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന ശില്പശാല ഇതിന് സഹായിക്കും. പഞ്ചായത്ത്രാജ് നിയമത്തിൽ ഇനി എന്തെങ്കിലും ഭേദഗതികൾ വേണമെങ്കിൽ അതിനെക്കുറിച്ച് ചിന്തിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കാൻ ഉതകുമെന്ന കാര്യത്തിൽ സംശയമില്ല. ആ രീതിയിൽ ശിൽപ്പശാല നടക്കട്ടെ എന്ന ആശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

2005-ലെ കേരള പഞ്ചായത്ത്രാജ് (3-ാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

X. അറിയിപ്പ്

രാഷ്ട്രപതിയുടെ കേരള സന്ദർശനം.

മി. സ്പീക്കർ: രാഷ്ട്രപതിയുടെ സന്ദർശനത്തെ സംബന്ധിച്ച നിർദ്ദേശങ്ങളും അടങ്ങിയ കത്ത് എല്ലാ അംഗങ്ങൾക്കും ലഭിക്കുന്നതാണ്. അതനുസരിച്ച് എല്ലാവരും പ്രവർത്തിക്കണം. വാഹനങ്ങളും മുൻവശത്തുകൂടി കൊണ്ടുവരാൻ ചില ബുദ്ധിമുട്ടുകളും ഉള്ളതുകൊണ്ട് സുരക്ഷാ കാര്യങ്ങളിൽ അനിവാര്യമായ ചില നിയന്ത്രണങ്ങളും ഉണ്ടാകും. അതിൽ എല്ലാവരും സഹകരിച്ച് പ്രവർത്തിക്കണം.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലായ് മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.52-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly